നം.ഇ.എക്സ്.എ7/14368/2022/സിജിഇ.

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി: 14/06/2022.

# സർക്കുലർ

വിഷയം:- എൽ.എസ്.എസ്./യു.എസ്.എസ്. പരീക്ഷ 2022 - നടത്തിപ്പ് - സംബന്ധിച്ച്.

സൂചന:- 1) വിജ്ഞാപനം നം.എച്ച്1/11026/2022/സി.ജി.ഇ. തീയതി. 04/05/2022.
2) സർക്കാർ ഉത്തരവ് നം.5662/15/പൊ.വി.വ. തീയതി 30/11/2015.

.......

**04/05/2022**-ന് പുറപ്പെടുവിച്ച പരീക്ഷാവിജ്ഞാപന പ്രകാരം എൽ.എസ്.എസ്/ യു.എസ്.എസ്. പരീക്ഷ **25/06/2022** -ന് രാവിലെ 10.00 മണി മുതൽ 12.20 വരെ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. എൽ.എസ്.എസ്/യു.എസ്.എസ്. പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തണമെന്ന് അറിയിക്കുന്നു.

**എൽ.എസ്.എസ്. പരീക്ഷ**

ഈ വർഷത്തെ എൽ.എസ്.എസ്. പരീക്ഷയ്ക്ക് ഒരു പേപ്പറും അതിൽ 5 പാർട്ടുകളും ഉണ്ടായിരിക്കും. ആകെ സ്കോർ 50 ആയിരിക്കും.

**യു.എസ്.എസ്. പരീക്ഷ**

യു.എസ്.എസ്. പരീക്ഷയ്ക്ക് ഒരു പേപ്പറും അതിൽ മൂന്നു പാർട്ടുകളും ഉണ്ടായിരിക്കും. ആകെ 70 ചോദ്യങ്ങൾ ഉണ്ടായിരിക്കും. എന്നാൽ 60 ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഴുതിയാൽ മതിയാകും (പരമാവധി സ്കോർ 60).

**1) ഡയറ്റിനുള്ള ചുമതലകൾ**

1. എൽ.എസ്.എസ്. പരീക്ഷ മുൻവർഷങ്ങളിലെപ്പോലെ തന്നെ എഴുത്തു പരീക്ഷയാണ്. ചോദ്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള ബുക്ക്‌ലെറ്റിൽ തന്നെയാണ് പരീക്ഷാർത്ഥികൾ ഉത്തരവും എഴുതേണ്ടത്.
2. യു.എസ്.എസ്. പരീക്ഷ ഒ.എം.ആർ. (Optical Mark Reading) രീതിയിലാണ് നടത്തുന്നത്. മാതൃക ഒ.എം.ആർ ഷീറ്റ് പരീക്ഷാഭവന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുത്ത് യു.എസ്.എസ്. പരീക്ഷാ നടത്തിപ്പിന് നേതൃത്വം നൽകുന്ന അദ്ധ്യാപകർ വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും പരിചയപ്പെടുത്തേണ്ടതാണ്. ഒ.എം.ആർ. ഷീറ്റിന്റെ കോപ്പി സർക്കുലറിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.
3. പരീക്ഷയ്ക്കുവേണ്ടി ഇൻവിജിലേറ്റർമാരെ തെരഞ്ഞെടുക്കുന്ന പ്രക്രിയയിൽ സബ്ജില്ലാ സമിതിയിലെ പ്രതിനിധിയായുള്ള ഡയറ്റ് ഫാക്കൾറ്റി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകേണ്ടതാണ്. പരീക്ഷയ്ക്കായി തയ്യാറെടുത്തിട്ടുള്ള വിദ്യാർത്ഥികൾക്കും, അവർക്ക് നേതൃത്വം നൽകുന്ന അദ്ധ്യാപകർക്കും ഡി.ഇ.ഒ./എ.ഇ.ഒ. എന്നിവരുടെ സഹായത്തോടുകൂടി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

**2) സമഗ്ര ശിക്ഷ കേരളയുടെ ചുമതലകൾ**

1. ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരോട് ചേർന്ന് ജീവനക്കാരെ പരീക്ഷയുടെ പരിശീലനത്തിനും, നടത്തിപ്പിനും നിയോഗിക്കേണ്ടതാണ്.

**3) ഡി.ഇ.ഒ. മാരുടെ ചുമതലകൾ**

1. പരീക്ഷാഭവനിൽ നിന്നും ലഭിക്കുന്ന എൽ.എസ്.എസ്./യു.എസ്.എസ്. പരീക്ഷയുടെ ചോദ്യപേപ്പർ എ.ഇ.ഒ.മാർക്ക് കൈമാറണം.
2. പരീക്ഷാഭവനിൽ നിന്നും എത്തിക്കുന്ന യു.എസ്.എസ്. പരീക്ഷയുടെ ഒ.എം.ആർ. ഷീറ്റുകൾ പരീക്ഷാ സെന്ററിലേയ്ക്കും, തിരിച്ച് പരീക്ഷാ സെന്ററിൽ നിന്ന് എത്തുന്നവ ശേഖരിച്ച് പരീക്ഷാഭവൻ ഉദ്യോഗസ്ഥരെയും ഏൽപ്പിക്കണം.
3. എൽ.എസ്.എസ്. പരീക്ഷയുടെ സ്കോർ ഷീറ്റുകൾ എ.ഇ.ഒ.മാരിൽ നിന്ന് ശേഖരിച്ച് പരീക്ഷാഭവനിൽ കൈമാറേണ്ടതാണ്.
4. എൽ.എസ്.എസ്./ യു.എസ്.എസ്. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ നിലവിൽ മറ്റു സ്കൂളുകളിൽ യഥാക്രമം 5-ാം സ്റ്റാൻഡേർഡിലും, 8-ാം സ്റ്റാൻഡേർഡിലും പഠനം തുടരുകയാണ്. ഓരോ എ.ഇ.ഒ.മാരുടേയും പരിധിയിലുള്ള പ്രഥമാദ്ധ്യാപകർ കുട്ടികളെ വ്യക്തിപരമായി ബന്ധപ്പെട്ട് പരീക്ഷയെക്കുറിച്ചും ആവശ്യമെങ്കിൽ അവർക്ക് ആവശ്യമായ പരിശീലനം ക്രമീകരിക്കുന്നതിനും നിർദ്ദേശം നൽകുക. പരീക്ഷാഭവനിൽ നിന്നും വിതരണം ചെയ്യുന്ന ഹാൾടിക്കറ്റുകൾ നിലവിലെ പ്രഥമാദ്ധ്യാപകർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്ക് നൽകുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഹാൾടിക്കറ്റ് വിതരണം ചെയ്യുന്ന തീയതി സംബന്ധിച്ച നിർദ്ദേശം പിന്നീട് നൽകുന്നതാണ്. ഈ വിഷയത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ സഹായം ആവശ്യമെങ്കിൽ തേടേണ്ടതാണ്.

**4) എ.ഇ.ഒ. മാരുടെ ചുമതലകൾ**

1. ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർ എന്നിവരെ നിയമിക്കുക.
2. ഡി.ഇ.ഒ.യിൽ നിന്നും കിട്ടുന്ന ചോദ്യപേപ്പർ സെന്ററുകളിലെ ചീഫ് സൂപ്രണ്ടുമാർക്ക് വിതരണം ചെയ്യുക.
3. എൽ.എസ്.എസ്. പരീക്ഷയുടെ ഉത്തരക്കടലാസുകൾ പരീക്ഷാകേന്ദ്രത്തിൽ നിന്ന് ശേഖരിച്ച് 08/07/2022-ന് മുമ്പ് മൂല്യനിർണ്ണയ ക്യാമ്പിൽ എത്തിക്കുന്നതിനും മൂല്യനിർണ്ണയം പൂർത്തീകരിച്ച് സ്കോർ ഷീറ്റുകൾ ഡി.ഇ.ഒ.യ്ക്ക് കൈമാറുകയും ചെയ്യുക.

മൂല്യനിർണ്ണയം

4. ഈ വർഷം യു.സ്.എസ്. പരീക്ഷയ്ക്ക് ഒരു പേപ്പർ മാത്രമാണ് ഉണ്ടാവുക. അതുപ്രകാരം രാവിലെ മുതൽ ഉച്ചവരെ നടക്കുന്ന യു.എസ്.എസ്. പരീക്ഷയുടെ ഒ.എം.ആർ. ഉത്തരക്കടലാസുകൾ പരീക്ഷ കഴിഞ്ഞാലുടൻ തന്നെ ക്ലാസ്സ്മുറികളിൽ നിന്നും ചീഫ് സൂപ്രണ്ട് ശേഖരിക്കേണ്ടതും, അന്ന് തന്നെ പായ്ക്ക് ചെയ്ത് സീൽ വച്ച് ബന്ധപ്പെട്ട ഡി.ഇ.ഒ.കളിലേയ്ക്ക് അതേ ദിവസം തന്നെ എത്തിക്കേണ്ടതും, ഡി.ഇ.ഒ. ആയതിനുള്ള കൈപ്പറ്റ് രസീത് നൽകേണ്ടതുമാണ്.

**5) <u>പുനർമൂല്യനിർണ്ണയം</u>**

യു.എസ്.എസ്. പരീക്ഷയ്ക്ക് പുനർമൂല്യനിർണ്ണയം ഉണ്ടായിരിക്കുന്നതല്ല.

**ജോയിന്റ് കമ്മീഷണർ**
**(സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല)**

**പകർപ്പ്:-**

1. എല്ലാ ഡയറ്റ് പ്രിൻസിപ്പാൾമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
3. എല്ലാ ജില്ലാ പ്രോജക്ട് ഓഫീസർമാർ, സമഗ്ര ശിക്ഷ കേരള.
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

INSTRUCTIONS: CANDIDATE TO PLEASE FOLD AT PERFORATION AND THEN TEAR AFTER EXAMINATION IS OVER, SEPARATE ORIGINAL COPY AND CANDIDATE'S COPY OF OMR ANSWER SHEET AND HANDOVER ORIGINAL ANSWER SHEET TO THE INVIGILATOR.

# PAREEKSHA BHAVAN KERALA, THIRUVANANTHAPURAM

## USS EXAMINATION - 2022

ORIGINAL COPY

GOVERNMENT OF KERALA

**IMPORTANT INSTRUCTIONS**

1. Mark should be dark and completely fill in the appropriate circles. Mark the circles corresponding to one alternative out of A, B, C, D which you think is correct answer to an item given in the Question Booklet as per example.

| Correct Method | Wrong Method |
|---|---|
| Ⓐ Ⓑ ● Ⓓ | ⊗ ◐ ⊘ ◉ |

2. Use only Blue/Black Ball Pen to fill the OMR Sheet.
3. There should be no stray marks on the sheet or on the barcode. Darken only one circle for every question.
4. Do not fold or damage the sheet.
5. All item carry one mark each.

Name of the Candidate (Leave a box blank between each part of the name)

| Roll Number (as given in Admission Card) ROLL NUMBER USS EXAM | Question Booklet Number | Booklet Set Code | Medium |
|---|---|---|---|
| 0–9 | 0–9 | A ◯ B ◯ C ◯ D ◯ | Malayalam ◯ English ◯ Tamil ◯ Kannada ◯ |

BARCODE

Signature of Candidate (Within the Box)

Signature of Invigilator (Within the Box)

Monogram of Centre Superintendent (Within the Box)

| Ist Language (AT) | | Ist Language (BT) | Gender |
|---|---|---|---|
| Malayalam ◯ | Arabic ◯ | Malayalam ◯ | Male ◯ |
| Tamil ◯ | Urdu ◯ | Tamil ◯ | Female ◯ |
| Kannada ◯ | Sanskrit ◯ | Kannada ◯ | |

*Important Instruction : Use same set of question booklet for Part A, B & C to F.*

| PART - A 1st Language-AT | PART - B 1st Language-BT | PART - C (Mathematics) | PART - D (English) | PART - E (Basic Science) | PART - F (Social Science) |
|---|---|---|---|---|---|
| 1 Ⓐ Ⓑ Ⓒ Ⓓ | 11 Ⓐ Ⓑ Ⓒ Ⓓ | 25 Ⓐ Ⓑ Ⓒ Ⓓ | 35 Ⓐ Ⓑ Ⓒ Ⓓ | 45 Ⓐ Ⓑ Ⓒ Ⓓ | 58 Ⓐ Ⓑ Ⓒ Ⓓ |
| 2 Ⓐ Ⓑ Ⓒ Ⓓ | 12 Ⓐ Ⓑ Ⓒ Ⓓ | 26 Ⓐ Ⓑ Ⓒ Ⓓ | 36 Ⓐ Ⓑ Ⓒ Ⓓ | 46 Ⓐ Ⓑ Ⓒ Ⓓ | 59 Ⓐ Ⓑ Ⓒ Ⓓ |
| 3 Ⓐ Ⓑ Ⓒ Ⓓ | 13 Ⓐ Ⓑ Ⓒ Ⓓ | 27 Ⓐ Ⓑ Ⓒ Ⓓ | 37 Ⓐ Ⓑ Ⓒ Ⓓ | 47 Ⓐ Ⓑ Ⓒ Ⓓ | 60 Ⓐ Ⓑ Ⓒ Ⓓ |
| 4 Ⓐ Ⓑ Ⓒ Ⓓ | 14 Ⓐ Ⓑ Ⓒ Ⓓ | 28 Ⓐ Ⓑ Ⓒ Ⓓ | 38 Ⓐ Ⓑ Ⓒ Ⓓ | 48 Ⓐ Ⓑ Ⓒ Ⓓ | 61 Ⓐ Ⓑ Ⓒ Ⓓ |
| 5 Ⓐ Ⓑ Ⓒ Ⓓ | 15 Ⓐ Ⓑ Ⓒ Ⓓ | 29 Ⓐ Ⓑ Ⓒ Ⓓ | 39 Ⓐ Ⓑ Ⓒ Ⓓ | 49 Ⓐ Ⓑ Ⓒ Ⓓ | 62 Ⓐ Ⓑ Ⓒ Ⓓ |
| 6 Ⓐ Ⓑ Ⓒ Ⓓ | 16 Ⓐ Ⓑ Ⓒ Ⓓ | 30 Ⓐ Ⓑ Ⓒ Ⓓ | 40 Ⓐ Ⓑ Ⓒ Ⓓ | 50 Ⓐ Ⓑ Ⓒ Ⓓ | 63 Ⓐ Ⓑ Ⓒ Ⓓ |
| 7 Ⓐ Ⓑ Ⓒ Ⓓ | 17 Ⓐ Ⓑ Ⓒ Ⓓ | 31 Ⓐ Ⓑ Ⓒ Ⓓ | 41 Ⓐ Ⓑ Ⓒ Ⓓ | 51 Ⓐ Ⓑ Ⓒ Ⓓ | 64 Ⓐ Ⓑ Ⓒ Ⓓ |
| 8 Ⓐ Ⓑ Ⓒ Ⓓ | 18 Ⓐ Ⓑ Ⓒ Ⓓ | 32 Ⓐ Ⓑ Ⓒ Ⓓ | 42 Ⓐ Ⓑ Ⓒ Ⓓ | 52 Ⓐ Ⓑ Ⓒ Ⓓ | 65 Ⓐ Ⓑ Ⓒ Ⓓ |
| 9 Ⓐ Ⓑ Ⓒ Ⓓ | 19 Ⓐ Ⓑ Ⓒ Ⓓ | 33 Ⓐ Ⓑ Ⓒ Ⓓ | 43 Ⓐ Ⓑ Ⓒ Ⓓ | 53 Ⓐ Ⓑ Ⓒ Ⓓ | 66 Ⓐ Ⓑ Ⓒ Ⓓ |
| 10 Ⓐ Ⓑ Ⓒ Ⓓ | 20 Ⓐ Ⓑ Ⓒ Ⓓ | 34 Ⓐ Ⓑ Ⓒ Ⓓ | 44 Ⓐ Ⓑ Ⓒ Ⓓ | 54 Ⓐ Ⓑ Ⓒ Ⓓ | 67 Ⓐ Ⓑ Ⓒ Ⓓ |
| | 21 Ⓐ Ⓑ Ⓒ Ⓓ | | | 55 Ⓐ Ⓑ Ⓒ Ⓓ | 68 Ⓐ Ⓑ Ⓒ Ⓓ |
| | 22 Ⓐ Ⓑ Ⓒ Ⓓ | | | 56 Ⓐ Ⓑ Ⓒ Ⓓ | 69 Ⓐ Ⓑ Ⓒ Ⓓ |
| | 23 Ⓐ Ⓑ Ⓒ Ⓓ | | | 57 Ⓐ Ⓑ Ⓒ Ⓓ | 70 Ⓐ Ⓑ Ⓒ Ⓓ |
| | 24 Ⓐ Ⓑ Ⓒ Ⓓ | | | | |

Question No. 1 to 10 Answer all Questions

Out of Question No. 11 to 24 answer of 10 Questions only will be considered.

Question No. 25 to 44 Answer all Questions.

Out of Question No. 45 to 57 correct answer of 10 Questions only will be considered.

Out of Question No. 58 to 70 correct answer of 10 Questions only will be considered.

Use Blue or Black Ball Point Pen only

SCJ - 4000